പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

04.04.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം. 666

## സംയോജിത മത്സ്യബന്ധന വികസന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കെ. ഹരീന്ദ്രൻ<br>,, ജോൺ ഫെർണാണ്ടസ്<br>,, എം. രാജഗോപാലൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കായി സംയോജിത മത്സ്യബന്ധന വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എന്തെല്ലാം വായ്പാ സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്നത്; | (ബി) | സംയോജിത മത്സ്യബന്ധന വികസന പദ്ധതി 2015-16 പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പയും മത്സ്യബന്ധനത്തിനുള്ള പ്രവർത്തന മൂലധനവും മത്സ്യഫെഡ് മുഖേന ലഭ്യമാക്കുന്നു. |
| (സി) | മത്സ്യമേഖലയിലെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതിൻ പ്രകാരം സ്വീകരിച്ചിട്ടുള്ളത്; | (സി) | മത്സ്യഫെഡ് മുഖേന സംയോജിത മത്സ്യ വികസന പദ്ധതി 2015-16 പ്രകാരം വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പദ്ധതികൾ ഇല്ല. എന്നാൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിനായി പലിശരഹിത വായ്പ വിതരണം ചെയ്യുന്ന സംസ്ഥാന സർക്കാർ പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നു ണ്ട്. മത്സ്യമേഖലയിലെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി സാഫ് മുഖേന സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്നതിനായി തീരമൈത്രി പദ്ധതിയിലൂടെ ലഘു സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നു. |
| (ഡി) | മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരിൽ നിന്നും കടബാധ്യതയിൽ നിന്നും രക്ഷിക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇത്തരം വായ്പകൾ വളരെ സഹായകരമാകും എന്നതിനാൽ ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | മത്സ്യഫെഡ് മുഖേന എൻ.സി.ഡി.സിയുടെ ധന സഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായിയുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്. കൂടാതെ മത്സ്യ ബന്ധനോപകരണങ്ങളും വായ്പയായി നൽകുന്നതിന് 50 കോടി രൂപയുടെ പദ്ധതി നബാർഡിന് സമർപ്പിച്ചിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ